MALAYALA MANORAMA 22.01.2018

# ഭൗമസൂചിക കൂടുതൽ ഉൽപന്നങ്ങൾക്ക്

## ■ വിപണിയിൽ വിലയും ആവശ്യവും വർധിക്കുന്നു

**പി. കിഷോർ**

കൊച്ചി ● നിലമ്പൂർ തേക്കിനും ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ അഥവാ ജിഐ (ഭൗമ സൂചികാപദവി) ലഭിച്ചതോടെ കൂടുതൽ ഉൽപന്നങ്ങൾ കേരളത്തിൽ നിന്ന് ഈ നിലയിലേക്ക് ഉയരാൻ തുടങ്ങുന്നു. പാരമ്പരാഗത വ്യവസായ ഉൽപന്നങ്ങൾക്കൊപ്പം കാർഷികോൽപന്നങ്ങളും ജിഐ നേടുന്ന കാഴ്ചയാണുള്ളത്.

സർക്കാർ സ്ഥാപനങ്ങളുടെ ഇടപെടൽ കൂടാതെ അതത് രംഗങ്ങളിലുള്ളവരും കർഷകരും കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ വിഭാഗത്തിലുള്ളവരും ചേർന്നാണ് കേരളത്തിന്റെ തനത് ഉൽപന്നങ്ങൾക്ക് ലോകമാകെ തിരിച്ചറിയപ്പെടുംവിധം ജിഐ ടാഗ് നേടിക്കൊടുക്കുന്നത്. ജിഐ ടാഗ് ലഭിക്കുന്നതിന്റെ നേട്ടങ്ങൾ ഇവയാണ്: 1. പ്രാദേശിക തനത് ഉൽപന്നത്തിന് നിയമ സംരക്ഷണം. 2. ലോകമാകെ മറ്റാർക്കും അനധികൃതമായി ആ പേര് ഉപയോഗിക്കാനാവില്ല. 3. ഉൽപന്നത്തിന് പ്രശസ്തിയും സ്വദേശ-വിദേശ വിപണിയിൽ വിലയും ഡിമാൻഡും വർധിക്കുന്നു. 4. കയറ്റുമതി സാധ്യത ഏറുന്നു.

കർഷകർ ചേർന്ന് ജിഐ ടാഗ് ലഭ്യമാക്കിയ നവര അരിക്കുണ്ടായ പ്രയോജനം കാണുക. കിലോ 396 രൂപയാണ് നവര അരിയുടെ ഇപ്പോഴത്തെ വിപണി വില. കർഷകർക്ക് കിലോ 200 രൂപ മുതൽ 240 രൂപ വരെ ലഭിക്കുന്നു.



നിലവിൽ 24 ഉൽപന്നങ്ങളാണു കേരളത്തിൽ നിന്ന് ജിഐ ടാഗ് നേടിയിട്ടുള്ളത്. അവയിൽ അരി മാത്രം ആറിനമുണ്ട്. 1. നവര, 2. പൊക്കാളി. 3. ജീരകശാല അരി. 4. ഗന്ധകശാല അരി. 5. കൈപ്പാട് അരി 6. പാലക്കാടൻ മട്ട.

തൃശൂരിലെ ചെങ്ങാലിക്കോടൻ നേന്ത്രപ്പഴം, മലബാർ കുരുമുളക്, തിരുവിതാംകൂർ ശർക്കര, ആലപ്പുഴ പച്ച ഏലക്ക, വാഴക്കുളം കൈതച്ചക്ക, നിലമ്പൂർ തേക്ക് എന്നീ കാർഷികോൽപന്നങ്ങളും ജിഐ ലിസ്റ്റിലുണ്ട്. കുറ്റ്യാട്ടൂർ മാങ്ങ, തിരൂർ വെറ്റില, വയനാടൻ കാപ്പി, മറയൂർ ശർക്കര തുടങ്ങിയവയ്ക്ക് ജിഐ കിട്ടാൻ ശ്രമം നടക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായ രംഗത്തു നിന്നാണു മറ്റ് ഉൽപന്നങ്ങളെല്ലാം തന്നെ. ജിഐ കിട്ടിയ ആറൻമുള കണ്ണാടി കേരളത്തിന്റെ പ്രതീകങ്ങളിലൊന്നായി മാറി. വടക്കും തെക്കുമുള്ള കൈത്തറി ഉൽപന്നങ്ങൾ ജിഐ നേടി പ്രശസ്തമായി. ബാലരാമപുരം കൈത്തറി, കുത്താമ്പുള്ളി മുണ്ടും സെറ്റും, ചേന്ദമംഗലം മുണ്ടും സെറ്റും, കുത്താമ്പുള്ളി സാരി, കണ്ണൂർ കൈത്തറി, കാസർകോട് സാരി എന്നിവ ഈ ലിസ്റ്റിലുണ്ട്.പാലക്കാട് മദ്ദളം, പയ്യന്നൂർ പവിത്രമോതിരം, വെങ്കലം വിളക്കി നിർമിക്കുന്ന ചിരട്ട ഉൽപന്നങ്ങൾ, തഴപ്പായ ഉൽപന്നങ്ങൾ, ആലപ്പുഴ കയർ എന്നിവയും ജിഐ ലിസ്റ്റിലുണ്ട്. വ്യവസായ, കാർഷിക, ഭക്ഷ്യ ഉൽപന്നങ്ങളിൽ ജിഐ ലഭിക്കാൻ സാധ്യതയുള്ള അനേകം ഇനങ്ങളുണ്ടെന്ന് വ്യവസായ വകുപ്പ് തന്നെ ചൂണ്ടിക്കാട്ടുന്നു. സ്വർണ നിറമുള്ള അഞ്ചുതെങ്ങ് കയർ, തിരുവനന്തപുരം ബോളി, രാമശേരി ഇഡ്ഡലി ഉദാഹരണം.

മറയൂർ ശർക്കരയ്ക്കു വേണ്ടി അപേക്ഷ ഉടൻ സമർപ്പിക്കുമെന്ന് കാർഷിക സർവകലാശാല ഐപിആർ സെൽ കോഓർഡിനേറ്റർ ഡോ. സി.ആർ. എൽസി അറിയിച്ചു. അട്ടപ്പാടി തുവര പരിപ്പിനു വേണ്ടിയുള്ള പ്രവർത്തനം ഉടനെ ആരംഭിക്കും.

**ജിഐ (ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ)**

### ഭൗമസൂചിക

ഗാട്ട് കരാറും ഡബ്ല്യുടിഒ കരാറും വന്നതോടെയാണ് തനത് ഉൽപന്നങ്ങൾക്ക് അതാതു രാജ്യങ്ങൾക്ക് ഭൗമ സൂചികാപദവി ലഭ്യമാക്കാനുള്ള അവസരം ഉണ്ടായത്. ഇപ്പോൾ എല്ലാ സംസ്ഥാനങ്ങളിലും തനത് ഉൽപന്നങ്ങൾക്ക് ജിഐ കിട്ടാൻ ശ്രമം നടക്കുന്നു. ചെന്നൈയിലെ ജിഐ റജിസ്ട്രിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഉൽപന്നത്തിന്റെ മൗലികത തെളിയിക്കാനായാൽ ജിഐ കിട്ടും. ഒരു പ്രത്യേക പ്രദേശവുമായി കൂട്ടിയിണക്കുന്നു എന്നതാണ് ജിഐയുടെ പ്രധാന സവിശേഷത.